LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളെ കോർപ്പറേഷനുകളുമായി കൂട്ടിച്ചേർത്ത നടപടി

112 [1689] ശ്രീ. തോമസ് ഉണ്ണിയാടൻ:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, സ്റ്റീഫൻ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) പഞ്ചായത്തുകളെ കോർപ്പറേഷനുകളുമായി കൂട്ടിച്ചേർത്ത നടപടി അസാധുവാണെന്ന സംസ്ഥാന ഇലക്ഷൻ കമ്മീഷന്റെ അഭിപ്രായത്തിന്മേൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച ഇലക്ഷൻ കമ്മീഷൻ ശുപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വെളിപ്പെടുത്താമോ;

(സി) പഞ്ചായത്തുകളെ കൂട്ടിച്ചേർത്ത് കോർപ്പറേഷൻ ആക്കിയ നടപടിക്ക്, ഭരണഘടനാപരമായ നിയമസാധുതയും, നിലനിൽപ്പും ഇല്ലെന്ന ഇലക്ഷൻ കമ്മീഷന്റെ ശുപാർശയിന്മേൽ സർക്കാർ നിലപാട് വിശദമാക്കാമോ;

(ഡി) ഇലക്ഷൻ കമ്മീഷന്റെ ശുപാർശകൾ പരിഗണിച്ച് പഞ്ചായത്തുകളെ കോർപ്പറേഷൻ പരിധിയിൽനിന്നും ഒഴിവാക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് കൈക്കൊള്ളുമോ?

ഉത്തരം

(എ ആന്റ് ബി) ഇത്തരമൊരു അഭിപ്രായം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിട്ടില്ല.

(സി) ബാധകമല്ല.

(ഡി) ബാധകമല്ല.

മുൻസിപ്പൽ കോർപ്പറേഷനോടോ/മുനിസിപ്പാലിറ്റിയോടോ കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകൾ

113 [1690] ശ്രീ. വർക്കല കഹാർ:
,, ജോർജ്ജ് ജെ. മാത്യു:
,, എൻ. ശക്തൻ:
,, ടി. എൻ. പ്രതാപൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) മുനിസിപ്പൽ കോർപ്പറേഷനോടുകൂടിയോ മുനിസിപ്പാലിറ്റിയോടുകൂടിയോ ഗ്രാമപഞ്ചായത്തുകളോ ഗ്രാമപഞ്ചായത്തുകളുടെ ഭാഗമോ കൂട്ടിച്ചേർത്തത് ഭരണഘടനാനുസൃതമല്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വിശദീകരിക്കുമോ;